## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1380 | 06.03.2018-ൽ മറുപടിയ്ക്ക് |
|---|---|

**പ്ലാസ്റ്റിക് ക്യാരി ബാഗുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.സ്വരാജ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് മാനേജ്മെൻറ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് 24.09.2016-ലെ 576/ഡി.സി.1/16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും, ഒരു മാസം കുറഞ്ഞത് 4000/- (നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48000/- (നാല്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക് മാലിന്യ മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്ററർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്നും പ്രസ്തുത സർക്കുലറിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരമായി എന്തെല്ലാം ഉപയോഗിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) | ഇക്കാര്യത്തിലേക്ക് പ്രത്യേക സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം പരിസ്ഥിതി സൗഹൃദ വസ്തുക്കളായ പേപ്പർ, തുണി തുടങ്ങിയവ ഉപയോഗിച്ച് നിർമ്മിക്കുന്ന ക്യാരി ബാഗുകൾ ഉപയോഗിക്കുന്നതിനു പ്രോത്സാഹനം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവയുടെ പരിമിതികൾ എന്തെല്ലാമെന്നും ആയതിനുള്ള പരിഹാര നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ? | (സി) | പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം മൂലമുണ്ടാകുന്ന പാരിസ്ഥിതിക / ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് പൊതു ജനങ്ങൾക്ക് വേണ്ടത്ര അവബോധം ഇല്ലാത്തതും, പകരം ഉപയോഗിക്കാൻ കഴിയുന്ന പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള ക്യാരി ബാഗുകളുടെ ലഭ്യതക്കുറവും പരിമിതികളാണ്. പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള ക്യാരി ബാഗുകൾ കൂടുതൽ ലഭ്യമാക്കുക എന്നിവ പരിഹാരമാർഗ്ഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ